**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1560** **04-07-2022 - ൽ മറുപടിയ്ക്ക്**

**പാണ്ഡവൻ പാറ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ പൈതൃക പ്രാധാന്യമുള്ള പാണ്ഡവൻ പാറയുടെ സംരക്ഷണത്തിനായി പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (എ) | തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള വില്ലേജിലുള്ള പാണ്ഡവൻ പാറ 08.09.1987-ലെ 2320/ബി1/86/സാം.കാ.വ നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം പുരാവസ്തു വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി പരിപാലിച്ചു വരുന്നു. ടി സ്മാരകത്തിന്റെ സുരക്ഷാ ചുമതലയുമായി ബന്ധപ്പെട്ട് കേരള പോലീസിലെ സിവിൽ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു.<br><br>പാണ്ഡവൻപാറയിലെ വിനോദസഞ്ചാര വികസന സാധ്യതകൾ ചർച്ച ചെയ്യുന്നതിന് 16.02.2022-ൽ ബഹു. സ്ഥലം എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പാണ്ഡവൻ പാറ സംരക്ഷിത പ്രദേശത്തെ പാറയുടെ രൂപീകരണം, ധാതുഘടന, സ്മാരകത്തിന്റെ വാഹക ശേഷി, വിനോദസഞ്ചാരികളെ പ്രവേശിപ്പിക്കുന്നതിനുള്ള സാധ്യത, ഇതുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ജിയോളജി വകുപ്പിന് 28.02.2022-ന് നിർദ്ദേശം നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ